AN INITIATIVE OF LITTLE KITES (GHSS SIVAPURAM)



# ജി എച്ച് എസ് എസ് ശിവപുരം

# ഡിജിറ്റൽ മാഗസിൻ

# THE SPROUTS

## തയ്യാറാക്കിയത്  ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## പിന്നണിയിൽ പ്രവർത്തിച്ചവർ

- ഖദീജ ബാസിമ .എം (സ്റ്റുഡന്റ് എഡിറ്റർ)
- സനുജിത്ത് (സബ് എഡിറ്റർ)
- മുഹമ്മദ് ഷാദിൽ .ഇ
- മുഹമ്മദ് ആദിൽ
- മുഹമ്മദ് നിഹാൽ.എൻ
- അഭയ് കെ .കെ
- ഷഹമിൽ
- അതുൽ എസ് ആർ
- നിദ ഫാത്തിമ
- അനുപ്രിയ



# താളുകളിൽ..........

AN INITIATIVE OF LITTLE KITES (GHSS SIVAPURAM)....................1
ജി എച്ച് എസ് എസ് ശിവപുരം....................2
ഡിജിറ്റൽ മാഗസിൻ....................2
THE SPROUTS....................2
തയ്യാറാക്കിയത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ....................2
പിന്നണിയിൽ പ്രവർത്തിച്ചവർ....................3
....................3
എന്റെ വിദ്യാലയം....................8
The Art of living....................9
Mr. Rafeek .U....................9
കുഞ്ചൻ നമ്പ്യാർ....................11
മിഥുനന്ദ് എസ്എസ്....................11
പൂന്താനം നമ്പൂതിരി....................11
മിഥുനന്ദ് എസ്എസ്....................11
അല്പം മണ്ണ് വിചാരം....................12
സി പി മുഹമ്മദ്....................12
ഹരിതമോഹനം....................15
അവന്തിക ആർ എസ്....................15
കാവൽ....................18
സുജാത.കെ....................18
POPCORN!....................19
കണ്ണാടി....................20
സനജ് എസ് കെ....................20
لغة حلوة....................21
فرحة حامدعلى....................21
Advantages and Disadvantages of Fast Food....................22
KHADEEJA BASIMA....................22
കുഞ്ഞുണ്ണി....................24
മനുഷ്യൻ....................24
ശരണം....................24
മീൻ....................25
- അഭയ്....................25
ആനയും ഉറുമ്പും....................26
വിഷ്ണു....................26
കാടറിയാൻ....................27
ഫാത്തിമ റിഷ്ന നിത്തു....................27
കണ്ണീരടങ്ങാതെ....................30
മിൻഹ ശരീഫ്....................30
ഹിമകണം....................31
അതുൽ എസ് ആർ....................31
കാലാവസ്ഥ....................31
അമൻ....................31
ആണവോർജം ഭക്ഷ്യസംസ്കരണത്തിന്....................32
അതുൽ കൃഷ്ണ....................32
ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം....................33
لكل مخلوقات دموع....................34
بقلم: بشير أستيت مك....................34
ലിറ്റിൽ കൈറ്റ് സ്കൂൾതലക്യാമ്പ്....................36
പാഠമായ പാഠങ്ങൾ....................37
റിയ ഫാത്തിമ....................37
തളിരുപടരുന്ന വേഗത്തിൽ....................38
പ്രജീഷ് മലയിൽ....................38
കുറുക്കനും മുന്തിരിപ്പഴവും....................39
ഷാമിൽ....................39
മണ്ണിലെ പ്രധാനപ്പെട്ട....................41
സൂക്ഷ്മ ജീവികൾ....................41
നാജിയ നസ്രിൻ....................41
MIRROR , MIRROR....................42
-Madhuri sawant....................42
LETTER TO GOD....................42
-CRISTINA ROSSETTI....................42
GIRL....................43
- Rifana Parvin -....................43
പൊതുവിജ്ഞാനം....................44
സിംഹവും മാനും....................46
നിദ....................46
മലമ്പുഴ ഡാമിലേക്ക് ഒരു ഉല്ലാസയാത്ര....................48
Devanandh....................48
BEING POLLUTED :A RIVER'S VOICE....................50
*Anupriya .R.V -*....................50
Story....................52
THE FOX AND THE GRAPES....................52
Muhammed Shadil....................52
അമ്മ....................53
അനുരാധ ടീച്ചർ....................53
The giving tree....................54
Global Warming....................55

Aryananda.......55
Causes :.......55
Consequences of Global warming:.......56
.......56
കലാമേള.......58
ഊഞ്ഞാൽ.......59
മുഹമ്മദ് ബാസിത്ത്.......59
മുള.......60
മുഹമ്മദ് നിഹാൽ സി.......60
ഇരമ്പൽ.......61
ലിംന എം കെ.......61
മഴയ്ക്ക് മുമ്പ്.......63
സിഗിൽ.......63
കുരങ്ങന്റെ കുറുമ്പ്.......64
മുഹമ്മദ് ആദിൽ.......64
കവിയുപ്പാപ്പ.......64
മുഹമ്മദ് ആദിൽ.......64
MISTAKES.......65
- Aryananda.S -.......65
GOOD VS BAD.......66
- Rifa Jesva.......66
മായുന്ന കാഴ്ചകൾ.......68
രാജി രമേഷ് കാക്കർ.......68
ആണി.......70
കത്ത്.......70
പൊറോട്ട.......70
കവിത തത്തയും കുഞ്ഞും.......71
രാജി രമേഷ് കാക്കർ.......71
സൗഹൃദം.......72
നിദ ഫാത്വിമ.......72
യാത്രാ വിവരണം.......73
മുഹമ്മദ് ഷഹമിൽ.......73
സാന്റാക്ലോസേ വന്നാട്ടേ.......74
ഷഹമിൽ.......74
BUTTERFLY, BUTTERFLY.......75
Adryan Bates.......75
FLOWER.......75
LETTER TO GOD.......76
-CRISTINA ROSSETTI.......76
LITTLE PUP,LITTLE PUP.......77
THREE BUTTERFLIES.......78
HAPPY FRIENDS.......78
THE RAIN.......78
SEEKING SHELTER.......78
The butterflies.......79
വര.......81
മിർഷാദ്.......81
A MAGIC WAND.......82
NOBODY'S FRIEND.......83
Enid Blyton.......83
കേരളത്തെ അറിയുക.......84
ആരതി.......84
REBIRTH.......85
- Kadeeja Basima .M -.......85
ആധുനികത,ഉത്തരാധുനികത.......89
ശ്രീജ സി പി.......89
പ്രശ്നങ്ങളുംപ്ലാസ്റ്റിക് പരിഹാര മാർഗങ്ങളും.......91
അവന്തിക.എൻ.കെ.......91
A SPEECH.......93
Hanna Raniya.......93
ഏതാനും ചില പ്രവർത്തനങ്ങൾ.......95
എഡ്യുകെയർ.......98

*************************************************************

സർഗാത്മകപ്രകാശനങ്ങൾക്ക് അതിരുകളില്ലെന്ന് പ്രഖ്യാപിച്ച ഇടമാണ് ഡിജിറ്റൽ എഴുത്തുലോകം. കഥയായും കവിതയായും കുറിപ്പുകളായും അച്ചടിക്ക് പുറത്തുള്ള പ്രകാശനസാധ്യതകളിലേക്കാണ് ഡിജിറ്റൽ യുഗം ജനാല തുറന്നിടുന്നത്. സോഷ്യൽ മീഡിയകളിൽ എഴുത്തിന്റെ ഉറവകൾ സമൃദ്ധമാവുന്നത് അങ്ങനെയാണ്.

എഴുത്തിന്റെ പുതുഇടങ്ങളിലേക്ക് കയറി നിൽക്കാനുള്ള ഞങ്ങളുടെ എളിയ ശ്രമമാണ് ഈ മാഗസിൻ. ഞങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറകുകൾ തന്നത് KITE (Kerala Infrastructure and Technology for Education)ന്റെ പരിശീലനമായിരുന്നു. അങ്ങനെ ഞങ്ങൾ എഴുതിത്തുടങ്ങി. കഥകൾ, കവിതകൾ, ലേഖനങ്ങൾ,വിവരണങ്ങൾ ......എല്ലാം, പരമ്പരാഗതമാഗസിൻ സങ്കൽപ്പത്തിൽ നിന്ന് മാറി ഡിജിറ്റൽ സ്പേസിൽ അണിയിച്ചൊരുക്കുകയായിരുന്നു. ഈ ഉദ്യമത്തിൽ തുണയായി കൂടെ നിന്ന കൂട്ടുകാർ ,അധ്യാപകർ..എല്ലാവരേയും നന്ദിപൂർവ്വം ഓർത്തുകൊണ്ട് ഈ മാഗസിൻ സമർപ്പിക്കുന്നു..

ഒത്തിരിസ്നേഹത്തോടെ,

ഖദീജ ബാസിമ

ചീഫ് എഡിറ്റർ

*************************************************************

# എന്റെ വിദ്യാലയം

കോഴിക്കോട് ജില്ലയിൽ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ശിവപുരം വില്ലേജിൽ കരിയാത്തൻകാവ് ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന ശിവപുരം ഗവ. ഹയർസെക്കണ്ടറി സ്കൂൾ 1924 ലാണ് സ്ഥാപിതമായത്.1960 ൽ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ യു. പി സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം ഹൈസ്കൂളായും 2004 ൽ ഹയർസെക്കണ്ടറിയായും ഉയർത്തപ്പെട്ടു.പരിമിതമായ അടിസ്ഥാന സൗകര്യത്തിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയത്തെ, കാലാകാലങ്ങളിൽ മാറിവരുന്ന സർക്കാറുകളുടെയും ജില്ലാപഞ്ചായത്തിന്റെയും അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെയും നിരന്തരവും ക്രിയാത്മകവുമായ ഇടപെടലുകളാണ് പുരോഗതിയുടെ പാതയിലെത്തിച്ചത്.പഠനനിലവാരത്തിലും വിജയശതമാനത്തിലും മികച്ച പ്രകടനം കാഴ്ച വെക്കാൻ കഴിയുന്നു എന്നത് ഈ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം അഭിമാനാർഹമാണ്.ഓരോ കുട്ടിയേയും അവന്റെ വ്യക്തിത്വസവിശേഷതകൾക്ക് അനുഗുണമായ വിധത്തിൽ മികവിലേക്ക് എത്തിക്കുവാൻ ഈ വിദ്യാലയത്തിന് കഴിയുന്നു.



# The Art Of Living

**Mr. Rafeek .U.**[1]

Victor Hugo once wrote: “Life is a flower of which love is the honey” .Man is born to achieve life ,but it all depends on him . He can miss it. He can go on breathing, eating, growing old , and moving towards the grave- but this is not life, this is gradual death .Any animal is capable of growing old. Growing up is the prerogative of human beings.

It is very strange that people who don't know who they are, are trying to become somebody . Life must be a search to find out “who am I ?”. Sometimes they feel good,or they feel bad and these feelings come from their own unconsciousness , from their past. “Nobody can make you angry “ and “Nobody can make you happy.” According to a thinker the main reason of the all the evils and problems in the world is that the people do not want to sit in a corner of their room and read a book . A lover of book can not be criminal and a rebel.

To do good work is one thing and to be good is totally another. Let good works come out of one's being good. Life has something to do with enjoyment and celebration not the arguments since winning an argument creates an enemy .In order to ensure wellness in one's life, some basic things should be observed . They are :

1 അധ്യാപകൻ

-Smile when you would rather frown.
-Say a gentle word when you would rather speak unkindly.
-See something beautiful in every disagreeable talk.
-Deny yourself some little thing each day.





# കുഞ്ചൻ നമ്പ്യാർ

**മിഥുനന്ദ് എസ്എസ്**

*18-ാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന കവി .പ്രാചീന കവിയത്രിയിൽപ്പെടുന്നു .പാലക്കാട് ജില്ലയിൽ ലക്കിടി തീവണ്ടി ആപ്പീസിനടുത്തുള്ള കിള്ളിക്കുറിശ്ശി മംഗലത്ത് കലക്കത്ത് ഭവനത്തിലാണ് ജനനം. തുള്ളൽക്കലയുടെ പരിഷ്കർത്താവ് ഓടൻ,ശീതങ്കൻ,പറയൻ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി ഒട്ടനവതി ക്രുതികൾ രചിച്ച കല്യാണ സൗകന്തികംകിരാദ,ഘോഷയാത്ര,ബാലിവിജയം,സ്യവന്ദകം,കർത്തവീരജ്ജുന വിജയം,ത്രിപുരദഹനം തുടങ്ങിയവ അവയിൽ ചിലത് .ശ്രീകൃഷ്ണ ചരിതം മണിപ്രവാളം മുതലായവയും നമ്പ്യാരുടെ കൃതികളിൽ ഉൾപ്പെടുന്നു സാമൂഹികവിമർശനം,നിശിതമായ ഫലിതപരിഹാസങ്ങൾ കേരളീയത,സാധാരണക്കാരന്റെ ഭാഷ എന്നിവ നമ്പ്യാർക്കവിതയുടെ മുഖമുദ്രകളാണ്*

# പൂന്താനം നമ്പൂതിരി

***മിഥുനന്ദ് എസ്എസ്***

1547-ൽ നെൻമേനി തിരുമന്ധാംകുന്ന് ക്ഷേത്രത്തിനടുത്ത് പൂന്താനം ഇല്ലത്ത് ജനിച്ചു. നിഷ്കളങ്കനും ഭക്തി പ്രിയനും ആയിരുന്നു,പൂന്താനം കൃതികളുടെ മുഖമുദ്ര .മേൽപത്തൂർ നാരായണ ഭട്ടത്തിരിയുടെ സമകാലികനായിരുന്നു.സാമുഹികമായ അനാചാരങ്ങളെയും ദുഷ്പ്രണതകളെയും വേണ്ടുംവിധം വിമർശിച്ചു.പ്രധാന കൃതികൾ:ഗാന സംഘ,ജ്ഞനപ്പാന,ശ്രീകൃഷ്ണകർത്താമൃത,സന്താനഗോപാല,ആനന്ദനൃത്തം, നൂറ്റെട്ടു ഹരി,തമിഴ്,സ്തോത്രങ്ങൾ.

# അല്പം മണ്ണ് വിചാരം

മുഹമ്മദ് പാറന്നൂർ[2]

മണ്ണാണു മർത്യനവൻ മഹാനാകിലും
മണ്ണുമണ്ണിന്റെ മണം വമിക്കും
ചന്ദനച്ചാറെട്ടുത്തെത്ര ചാർത്തുന്ന
കൊണ്ടത്തു മണ്ണെപ്പോഴും മണ്ണു തന്നെ

ചങ്ങമ്പുഴയുടെ 'പാടുന്ന പിശാചി'ലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോൾ കണ്ണ് പ്രസ്തുത വരികളിലുടക്കി. കണ്ണ് മാത്രമല്ല മനസ്സും.അപ്പോഴൊരു സംശയം രാവിലെ കുളിച്ചതാണ്, നല്ല മണമുള്ള സോപ്പ് തേച്ച് തന്നെ,..ഡ്രസ് മാറിയപ്പോൾ സുഗന്ധം പൂശിയിട്ടുമുണ്ട്..എന്നിട്ടുമുണ്ടോ ഒരു മണം.!.

പെട്ടെന്ന് ബോധമനസ് പറഞ്ഞു..എന്തിനിങ്ങനെ ബേജാറാകണം..!!മണ്ണ് തന്നെയാണ് നീ..മുട്ടിയാൽ മുഴക്കമുണ്ടാകുന്ന കളിമണ്ണ് കൊണ്ട് പടയ്ക്കപ്പെട്ടവൻ..മണ്ണിന്റെ വിശുദ്ധി കൊണ്ട് അഗ്നിയെ പോലും കീഴ്പ്പെടുത്തിയവൻ.!

ശരിയല്ലേ .. ആദിയിൽ ദൈവം ആദമിനെ പടച്ചപ്പോൾ അറിവിന്റെ നിറകുടങ്ങൾ ചൊരിഞ്ഞുകൊടുത്തതാണ്.വിശുദ്ധരായ മാലാഖമാർ പോലും ആദമിനു മുന്നിൽ മുട്ടുകുത്തി.മലാഖമാർക്ക് അറിവ് പഠിപ്പിച്ചിരുന്ന ചെകുത്താനും ഉണ്ടായിരുന്നു അക്കൂട്ടത്തിൽ..അഗ്നി സൃഷ്ടിയായ ചെകുത്താനൊരു തോന്നൽ...അഗ്നിയല്ലേ മഹത്തരം.?. അഹന്തയുടെ പിൻബലത്തിലെനിക്ക് ജ്വലിച്ചുയർന്ന് ഏത് ശക്തിയേയും തോൽപ്പിക്കാം ...

2 മുൻ പ്രധാനാധ്യാപകൻ

ചെകുത്താൻ പറഞ്ഞു .. "ഛെ.മോശം...ഈ മൺകട്ടയുടെ മുമ്പിൽ മുട്ടുകുത്താനെന്നെ കിട്ടില്ല..." ചെകുത്താൻ അഹങ്കാരിയും ധിക്കാരിയുമായി.അങ്ങനെ ദൈവസന്നിധിയിൽ നിന്നും സ്വർഗത്തിൽ നിന്നും അവൻ തിരസ്കൃതനായി..അന്ന തുടങ്ങിയതല്ലേ മണ്ണ് കൊണ്ടുള്ള മനുഷ്യനുംഅഗ്നിയിൽ നിന്നുള്ള ചെകുത്താനും തമ്മിലുള്ള തീർത്താൽ തീരാത്ത വൈരം..എന്നിട്ടുമെന്തിനാണ് ചങ്ങമ്പുഴ തന്റെ കവിതയ്ക്ക് 'പാടുന്ന പിശാച് 'എന്ന പേര് കൊടുത്തതാവോ..?ആ 'പിശാച് 'ആരാണ്..!!

അപ്പോൾ ഞാനത്ര നിസ്സാരനല്ല. മണ്ണ് വിശുദ്ധമാണ്.കത്തിക്കയറി ആളാവുന്നവനല്ല. അമർന്ന് കിടന്ന് വിനയം കാണിക്കുന്നവനാണ്.എത്രമുകളിലേക്കെറിഞ്ഞാലും താഴേക്ക് വീഴുന്നവനും ആ വീഴുന്നിടത്ത് നിന്ന് ജീവജാലങ്ങൾക്ക് അന്നമേകുകയും ചെയ്യുന്നവൻ. അപ്പോൾ ഞാനത്ര നിസ്സാരനല്ല. മണ്ണിന്റെ മണം അത്ര മോശമല്ല.അത് കരുത്തിന്റെ ..,അതിജീവനത്തിന്റെ മണമാണ്. സർവോപരി സൃഷ്ടിയുടേയും നിർമാണത്തിന്റേയും പുരോഗതിയുടേയും മണമാണ്. അഗ്നിയെ പോലെ സംഹാരിയല്ല. അഹങ്കാരിയല്ല തന്നെ..

എന്നിട്ടുമെന്തേ മണ്ണിൽ നിന്നുള്ള മണ്ണുണ്ണികൾക്ക് മണ്ണിനോടിത്ര വിരോധം?കുഞ്ഞുമോള് മുറ്റത്തേക്കിറങ്ങിയപ്പോൾ ഉമ്മ വിളിച്ചു...മോളേ ...ഉടുപ്പിലും കാലിലും മണ്ണും ചെളിയുമാക്കല്ലേ...?പറമ്പിൽ പണിയെടുക്കുകയായിരുന്ന ചക്കിപ്പെണ്ണ് ചായ കുടിക്കാനെത്തിയപ്പൊഴോ.."ദേഹത്തുള്ള ആ മണ്ണൊക്കെ നന്നായി കഴുകിയിട്ടേ കോലായിയിലേക്ക് കേറാവൂ "എന്ന ഓർമ്മപ്പെടുത്തൽ ....അവളുടെ ചെ ളി പുരണ്ട കറുത്ത നഖങ്ങൾ ചൂണ്ടി കുഞ്ഞുമോന്റെ ചോദ്യം "അയ്യേ....ഈ നഖമൊക്കെ എന്താണിങ്ങിനെ?" "അവരൊക്കെ മണ്ണില് പണിയെടുത്തിട്ടാ നമുക്ക് ആഹാരം കിട്ടുന്നത് .മോനേ..."

അവന് കൗതുകം ...."നമ്മള് തിന്നാനുള്ളത് കടേന്ന് വാങ്ങാറല്ലേ..."

"അതേ.എവിടെയോ ആരോ കൃഷി ചെയ്തുണ്ടാക്കിയതല്ലേ കടേലെത്തുന്നത്..."

"അരീടേം പച്ചക്കറീടേം കാര്യമല്ലേ ഉപ്പ പറയുന്നത് ...എനിക്ക് ചോറും കറീം ഒട്ടും ഇഷ്ടല്ല..ആ ചളി കാണുമ്പൊ തന്നെ ഓക്കാനം വരുന്നു.."മണ്ണിനോടുള്ള വെറുപ്പാണ്ആ വാക്കുകളിൽ...

"ആട്ടേ പിന്നെ മോനെന്തു ഭക്ഷണാ ഇഷ്ടം?"

"ന്യൂഡിൽസും ബ്രോസ്റ്റും പൊറോട്ട യുമൊക്കെ ..."

"എന്നാലേ ഉപ്പ ഒര് കാര്യംചോദിക്കട്ടേ...ഈ ന്യൂഡിൽസും ബ്രോസ്റ്റും പൊറോട്ടയുമൊക്കെ ആകാശത്തുന്ന് പൊട്ടിവീണുണ്ടാവുകയാണോ.."

"ഉപ്പച്ചിക്കറിയൂലേ ഇതൊക്കെ മെഷീനിലുണ്ടാക്കുന്നതല്ലേ...."എന്റെ കുട്ടിയുടെ അറിവിന്റെ ആഴം കണ്ടു ഞാനമ്പരന്ന പോയി.അവനോട് ഇത്രയേ പറയാനാകു.. 'മണ്ണിൽ നിന്നുള്ള മണ്ണുണ്ണികളുണ്ടല്ലോ ....ഞാനും നീയും അവരും എല്ലാം..ഈ മണ്ണുണ്ണികൾക്ക് മണ്ണിൽ നിന്നേ ആഹാരമുള്ളൂ.മണ്ണിൽ വിളയാത്തതൊന്നും മണ്ണുണ്ണികളുടെ ഉദരത്തൻ ദഹിക്കില്ല.ഏത് ന്യൂഡിൽസായാലും ബ്രോസ്റ്റായാലും പൊറോട്ടയായാലും ടിൻഫുഡായാലും മണ്ണിൽ മുളച്ചവ സംസ്കരിച്ചുണ്ടാക്കുന്നതാണ്. പിന്നെ മണ്ണില്ലാതെ, മണ്ണിന്റെ മണമില്ലാതെ,മണ്ണിൽ വളർന്നതില്ലാതെ ഈ മണ്ണുണ്ണികൾഎങ്ങനെ നിലനിൽക്കും മക്കളേ.......'

എന്റെ മണ്ണ് വിചാരം ഇങ്ങനെ കാടുകയറുകയാണ്.ഞാൻ കുഞ്ഞുമോളുടെ ഉമ്മയോടും പറഞ്ഞു. "അവളിത്തിരി മണ്ണിൽ കളിക്കട്ടെ .ആരോഗ്യത്തിന് നല്ലതാണ്." ആര് കേൾക്കാൻ!!

മണ്ണിൽ പുരണ്ടതിന് നല്ല രണ്ടടി കിട്ടി കുഞ്ഞുമോളതാ മോങ്ങുന്നു.

എത്ര മണ്ണ് വിരോധികളാണെങ്കിലും അവസാനം മണ്ണിലേക്കല്ലേ മടക്കം.. മണ്ണിൽ എവിടെയോ കാത്തിരിക്കുന്നു...നൂറായിരം പുഴുക്കൾ.. മണ്ണിൽ നിന്ന് വളർന്ന് പുഷ്ടിച്ച ദേഹം തിന്നുതീർക്കാൻ...അങ്ങനെ വീണ്ടും മണ്ണിലേക്ക് ചേർക്കാൻ.........



# ഹരിതമോഹനം[3]

**അവന്തിക ആർ എസ്**

8:30 നാണ് ഞങ്ങൾ സ്കൂളിൽ നിന്നും ജാനകി കാട്ടിലേക്ക് പുറപ്പെട്ടത്. അദ്യാപകരടക്കം 35 പേരുണ്ടായിരുന്നു. ഞങ്ങൾ അവിയെത്തി പോകുന്ന വഴിയിൽ വെച്ച് പെരുവണ്ണാമുഴി ഡാം കണ്ടു. ആ കാഴ്ച എന്നെ ചിന്തയിലാഴ്ത്തി. ഈ കഴിഞ്ഞ ദുരന്തത്തെപറ്റിയായിരുന്നു ആ ചിന്ത. ആ കാഴ്ചയെല്ലാം കണ്ണിൽ നിന്നു മറഞ്ഞു പിന്നെ കാണുന്നത്, ജാനകി കാടാണ്. അവിടെ എത്തിയപാടേ പാൽചായയും എണ്ണക്കടിയായ വടയും തന്നു. അതു കുടിച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് സുരേഷ് സാർ കുറച്ചു കാര്യങ്ങൾ പറഞ്ഞു തന്നു. പിന്നയാണ് ജാനകിക്കാട്ടിലേക്ക് പ്രവേശനമാരംഭിച്ചത്. രാജൻ എന്ന ആളായിരുന്നു വഴികാട്ടിയായി ഒരു എന്നപോലെ ഞങ്ങൾക്കരികിൽ എത്തിയത്. എത്രതരം വൃക്ഷങ്ങളാണ് അവിടെ അതിൽ പലതും ഔഷദച്ചെടികളാണ്. ചടച്ചി, വെൺതേക്ക്, അങ്ങനെ എത്രയോതരം വൃക്ഷങ്ങൾ. ഓരോ തവണ കാൽവെയ്ക്കുമ്പോഴും എനി എന്തൊക്കെ വിസ്മയങ്ങളാണ് കാണാനുണ്ടാവുക എന്ന ഒരു പ്രതീക്ഷ അതിലേറെക്കാളും വിസ്മയിപ്പിച്ചത് മഞ്ഞപ്പുഴയാണ്. അത് ഓർമയിൽ നിന്നും മായ്ക്കാൻ വളരെയേറെ പ്രയാസമാണ്.ഞാൻ വിചാരിച്ചതിലേറെ സുന്ദരിയായിരുന്നു ആ പുഴ. കാട്ടിലൂടെ കുറച്ചു ദൂരം നടന്നു.

ആ പുഴ കഴിഞ്ഞാൽ പിന്നയങ്ങോട്ട് മുഴുവൻ കാടാണ്. എത്രയോ തരം ചിത്രശലഭങ്ങളെ ഞങ്ങൾ കണ്ടുമുട്ടി. അതിന്റെയെല്ലാം പേര് പറഞ്ഞുതന്നത് രാജൻ എന്ന വഴികാട്ടിയാണ്.

കാട്ടിലേക്ക് കടക്കുന്തോറും പല തരത്തിലും, പല

3 നാച്ചർ ക്ലബ്ബിന്റെ പഠനയാത്ര

ഗുണത്തിലുമുള്ള മരങ്ങളാണ്. കാടിന്റെ കുറച്ച് ഭാഗം സന്ദർശിച്ച ശേഷം ഞങ്ങൾ ഭക്ഷണം കഴിക്കാൻ പുറപ്പെട്ടു. അപ്പോഴാണ് ഞങ്ങൾ മഞ്ഞപ്പുഴയിൽ ഇറങ്ങിയത്. എന്ത് ശുദ്ധമായ ജലം...നല്ല കുളിർമ്മയുള്ള ജലം. ആ ജലം മുഖത്ത് പതിച്ചപ്പോൾ എന്തൊരു ഉന്മേഷം. മഞ്ഞപ്പുഴയിൽ കളിയാടുമ്പോൾ വിശപ്പിന്റെ കാര്യം മറന്നിരുന്നു.മനസ്സില്ലാ മനസ്സോടെ ഞങ്ങൾ കരകയറി.

ശേഷം ഭക്ഷണത്തിനായി ഇരുന്നു.എന്തൊക്കെ വിഭവങ്ങളാണ് മുന്നിൽ....അച്ചാറ് ,തൈര്,ഉപ്പേരി,ചിക്കൻ.........ആഹാ...ഭക്ഷണം കഴിച്ചു കഴിഞ്ഞതും യുറിക്കയിനെഴുതുന്ന രാജൻ സർ ക്ലാസെടുത്തു.ആക്ലാസ് കാടെന്താണെന്നും കാടിന്റെ ആവശ്യകത എന്തെന്നും എല്ലാം പറഞ്ഞു തന്നു. ആതും തമാശ രൂപത്തിൽ.

ഇത്രയേറെ ഞാൻ ചിരിച്ച മറ്റൊരു ക്ലാസ് ഇനിയുണ്ടാവുമോ എന്നറിയില്ല.ക്ലാസ് തീരാറായപ്പോഴേക്കും ചെറിയൊരു കളിയും നടത്തി.ആംഗ്യം കാണിച്ച് മറ്റേ ഗ്രൂപ്പിനെ കൊണ്ട് പറയിക്കുന്നതായിരുന്നു കളി.

ആദ്യം മൂന്ന് ഗ്രൂപ്പായി തിരിച്ചു.പയ്യാനക്കൽ സ്കൂളിലെയും ശിവപുരത്തെയും കുട്ടികൾ ഇരുവശത്തായി നിന്നു.ചാടിയും മറിഞ്ഞും കളിക്കുന്നതിനിടയിലൂടെ കാര്യം മനസ്സിലാക്കി വിളിച്ച് പറയണം....കുറച്ച് നേരത്തെ കളിക്കു ശേഷം എല്ലാവർക്കും സർട്ടിഫിക്കറ്റ് നൽകി.

സമയം 5.30 pm ..ഞങ്ങൾ പോകാനുള്ള യാത്രയ്ക്ക് ഒരുങ്ങുകയാണ്.എല്ലാരും ബസ്സിനേക്ക് പാഞ്ഞ് കയറി.ബസ് ഞങ്ങളേയും കൊണ്ട് കുതിച്ചു. ജാനകിക്കാടിന്റെ അതിർത്തി കടക്കാൻ നേരം ഞങ്ങളെ പിടിച്ചുവെക്കതക്കവണ്ണം ഒരു മരച്ചില്ല ബസ്സിൻ ചില്ലിൽ കുടുങ്ങി . കാൽ മണിക്കൂർ പ്രയർത്തത്തിനൊടുവിൽ ജാനകിക്കാടിനോട് വിടപറഞ്ഞു.

പാട്ടും കൂത്തും ............. എല്ലാരും തിമിർത്താടി.കൊച്ചുകൊച്ചു ചുവടുകൾ...സമയം പിന്നിട്ടു.ബാലുശ്ശേരിയോടടുക്കാറായി.6.30 ആയപ്പോൾ വീടെത്താറായി.ചിലർ അവിടവിടങ്ങളിലായി ഇറങ്ങാന് തുടങ്ങിയതിനാൽ പാട്ട് നിർത്തി.മിക്കവരുടേയും മുഖത്ത് മ്ലാനത തുളുമ്പി. എങ്ങും നിശബ്ദത..എല്ലാവരും മാതാപിതാക്കളെ വിളിക്കുന്ന തിരക്കിലായിരുന്നു. ഇനി എന്നാണിത് പോലൊരു യാത്ര.... എല്ലാവരും അവരവരുടെ വീടിനടുത്തായി

ഇറങ്ങിത്തുടങ്ങി.. ശബ്ദകോലാഹലങ്ങൾ നിലച്ചു തുടങ്ങി..എനിക്ക് എന്തോരു വല്ലായ്മ....അത് മറ്റുള്ളവരുടേയും മുഖത്ത് നിഴലിച്ചതായെനിക്ക് തോന്നി...





# കാവൽ

സുജാത.ടി.കെ[4]

എന്തു മോഹനമായിരുന്നെന്റെ കേരളം
എന്റെ നാട് എന്റെ ഭാഷ
ഒരു തുള്ളി വെള്ളവും ഒരു തരി നിലാവും
മരവും ചെടികളും പൂവും
പൂമ്പാറ്റ കിളികൾ എല്ലാം കാത്തുവെയ്ക്കാം
ഇനിവരും വേനലിൽ
നീർ വറ്റി വരളും നീർതടം
കാത്തു വെക്കാം
പുഴ കൈയ്യേറാതേ
കരിമണൽ വാരാതേ
കടലിനെ കാത്തു വെയ്ക്കാം
മാമരം വെട്ടാതെ പൂമരം നടാം
കൃഷി ചെയ്ത് ജീവിതം നേട്ടമാക്കാം
മല കിളച്ചീടാതെ വയൽ നികത്തീടാതെ
പാറമട തീർക്കാതെ
കൂറ്റൻ കെട്ടിടം പണിയാതെ
നാടിനെ നമ്മൾക്കു കാക്കാം
കിളിക്കൾക്കു കൂടുകൾ കൂട്ടാം
ചെടികൾക്ക് വെള്ളം നനയ്ക്കാം
മാലിന്യം നന്നയി സംസ്കരിക്കാം
ഇനിവരും നാളുകൾ നാടിന്റെ നന്മക്കായ്
നമുക്കൊന്നായി മുന്നോട്ടു പോകാം
നാം ഭൂമിയുടെ കാവലാൾ മാത്രം
വെറും കാവലാൾ മാത്രം

4 പ്രധാനാധ്യാപിക

# POPCORN!

Pop,pop,popcorn,
Popping in the pot!
Pop,pop,popcorn,
Eat it while it's hot!

Pop,pop,popcorn,
Butter on the top!
When I eat popcorn,
I can't stop!



# കണ്ണാടി

സനജ് എസ് കെ

കണ്ണാടി നല്ലൊരു ചങ്ങാതി
ഞാനെന്നെ കാണുന്ന ചങ്ങാതി
ഞാനെങ്ങനെയാണെന്ന് ഞാനറിഞ്ഞു
കാണ്ണാടി ചൊന്നപ്പോൾ ഞാനറിഞ്ഞു
ചങ്ങാതികൾക്കൊട്ടും നേരമില്ല
കണ്ണാടി പോലാവാൻ നേരമില്ല
ഇന്നെന്റെ ചങ്ങാതി കണ്ണാടി
എന്നെ അറിയുന്ന കണ്ണാടി

# لغة حلوة

فرحة حامدعلى

عـربـيـة عـربـيـة لغةالقرءان عربية
عـربـيـة عـربـيـة لغةالحلوة عربية
عـربـيـة عـربـيـة لغة العالم عربية
عـربـيـة عـربـيـة لغة الجنة عربية
نكتب تكتب عربية هيا نكتب عربية
نقرء نقرء عربية هيا نقرء عربية
ندرس ندرس عربية هيا ندرس عربية
*نجمع نجمع عربية هيا نجمع عربية*

# Advantages And Disadvantages Of Fast Food

KHADEEJA BASIMA

## *Advantages*

### *Save time*

It serves fastly. In the modern world every one is busy. So they choose the easy option of fast food. The term "fast food" was named because of what it means, literally, food served fast.

### Convenient

Aside from not having to exert too much effort to eat or cook for the whole family of yourself. Every one like fast food because there are establishment in almost all the corners and streets in the city now a days

### Offers healthy options

fast food items are not really limited to burgers, fries etc. Today fast food chains are stating to add healthier food options in their menu lists.




### Opens job opportunities

Since the start of this food industry it have offered jobs to so many peoples. Many students who are struggling to go to collage or

pay for student loans are given chances to earn money by working several hours a day.

## Fast energy production

The fast food releases more energy that the natural food.

# Disadvantages

## unhealthy food

This has perhaps the most known disadvantage of fast food. Because there are so many preservatives in the fast food. The fast food is really unhealthy to our body. It causes so many diseases also.

## Causes obesity

With the high sodium in fast food and the option to large servings contribute much to obesity.




## Shortens Quality Time

The restaurants shortens the quality time with family.

## Prone to Labour issues

Another set back being thrown at the fast food industry in the law wages of workers who are sometimes not covered with insurance. Also some establishments hire undocumented people .



# കുഞ്ഞുണ്ണി

സ്കൂൾ വിട്ട് കഴിഞ്ഞപ്പോൾ
ഓടിയെത്തി കുഞ്ഞുണ്ണി
വീട്ടിലെത്തി കുഞ്ഞുണ്ണി
ബാഗ് മുറിയിൽ വെച്ചിട്ട്
കൈയ്യിലെടുത്തു മൊബൈല്
കളിക്കാൻ തുടങ്ങിയ നേരത്ത്
അമ്മ പറഞ്ഞു നോ നോ നോ

# മനുഷ്യൻ

കാക്ക വിളിച്ചു കാ കാ ക്കാ
കോഴി വിളിച്ചു ക്കൊ ക്കൊ ക്കോ
പൂച്ച വിളിച്ചു മ്യാവൂ മ്യാവൂ
നായ വിളിച്ചു ബൗ ബൗ ബൗ
മനുഷ്യൻ മാത്രം കൂവി വിളിച്ചു

# ശരണം

മാലയിട്ടു മോനൂട്ടൻ
വ്രതമെടുത്തു മോനൂട്ടൻ
മല ചവിട്ടാൻ പോയിട്ട്
ശബരി മലയിൽ പോയിട്ട്
സ്വാമിയെ കണ്ടുതൊഴുതിട്ട്
മലയിറങ്ങും നേരത്ത്
ശരണം വിളിച്ചു ഓടിനടന്നു

# മീൻ

–　　　　　　　　　　　　　　　　　　　　　　　　　　അഭയ്

രാവിലെയെത്തി മീൻക്കാരൻ
സൈക്കിളിൽ വന്നു മീൻകാരൻ
അച്ഛൻ വന്നു നോക്കീട്ട്
അയലമീൻ വാങ്ങി പോയിട്ട്
തലയും വാലും കളഞ്ഞിട്ട്
ഉപ്പും മുളകും ചേർത്തിട്ട്
എണ്ണയിലിട്ട് വറുത്തിട്ട്
ഊണു കഴിക്കൻ നേരത്ത്
മേശപ്പുറത്ത് വെച്ചപ്പോൾ
ആദ്യമെടുത്തു കുഞ്ഞുണ്ണി



# ആനയും ഉറുമ്പും

വിഷ്ണു

ആനയെ മാവിന്റെ മൂട്ടിൽ  തളച്ചിട്ട്
പാപ്പാനുറക്കമായ് ദൂരെ മാറി .
ആനത്തുറുമ്പിൻ കുല  വീണപ്പോൾ
ആനയ്ക്കസഹ്യമായ് ഉറുമ്പിൻ കടി.
തുമ്പിക്കൈ  കൊണ്ടാനയോരോയുറുമ്പിനെ ക
കാൽക്കീഴിലാക്കിച്ചവിട്ടിക്കൊന്നു.
ആനയുറങ്ങുമ്പോൾ തുമ്പിക്കൈ വായ്ക്കുള്ളിൽ
വെച്ചു കിടക്കുന്നു സ്വച്ഛമായ്.
ഉറുമ്പിനെ പേടിച്ചോ  പ്രതികാരമോർത്തിട്ടോ
തുമ്പിക്കൈ വായിൽ തിരുകി വച്ചു.
കരിമ്പാറയ്ക്കൊത്ത നിൻ മേനി കാണുമ്പോഴോ
കുട്ടികൾക്കെന്തു കൗതുകങ്ങൾ.



# കാടറിയാൻ

ഫാത്തിമ റിഷ്ന നിള്ളു.

കാടറിയാനും കാടിന്റെ മക്കളാകാനും ഞങ്ങൾ ഒരുമിച്ചുറങ്ങുമ്പോൾ പുതിയകാലഘട്ടത്തിന്റെ തനിമകൾ ഞങ്ങളിൽ നിന്നും ഓടിമറഞ്ഞു. പ്രകൃതിയെ ആസ്വദിച്ചാലും തീരാത്തത്ര രഹസ്യങ്ങളുമായി ഉള്ളിൽ മറയുന്ന സസ്യജന്തുജാലങ്ങളെ കാണാൻ , അവരെ കുറിച്ചറിയാൻ ഒരുദിവസം അവരോടൊത്ത് ചിലവഴിക്കാൻ ഞങ്ങൾക്ക് സാധിച്ചു എന്നത് ജീവിതത്തിലെ ഏറ്റവും വലിയ ഒരു അനുഭവമായിരുന്നു. വിദേശികളെപ്പോലെ അലഞ്ഞ് നടക്കാൻ വിനോദയാത്രകൾക്ക് മാത്രം പോകാറുള്ള എന്നെ സംബന്ധിച്ചിടത്തോളം കാട് ഒരു പുതിയനുഭവം എനിക്ക്തുറന്നുതരുകയായിരുന്നു. പറഞ്ഞാലും തീരാത്തത്ര രഹസ്യങ്ങലളുമായി അഗാധകളിലേക്ക്ഇരുളുമായി പായുന്ന പ്രകൃതി അന്ന് എന്നോട് അതിന്റെ വേദനകളും അതിന്റെ മക്കളുടെവേർപാടും വിളിച്ചോതുന്നതായി എന്നിക്കു തോന്നി.

ജാനകി കാട് എന്ന് ഞാൻ കേട്ടത് പോലെതന്നെ .

അന്ന് ഞങ്ങൾ അവിടെ പോയപ്പോൾ വനം വകുപ്പുദ്യോഗസ്ഥർ ഞങ്ങൾക്ക് ക്ലാസ് എടുത്തുതന്നു. എന്നാൽ പ്രകൃതിയുടെ വേദനകളും മറ്റും പറയുന്ന ആ ക്ലാസുകൾ എന്നെ ഒരിക്കലും വെറുപ്പിച്ചില്ല. എന്തു പറഞ്ഞാലും അധികനേരം കേട്ടുനിൽക്കാനുള്ള മനസ്സ് എനിക്കില്ലെങ്കിലും മരങ്ങളും പുഴകളും തണുത്തകാറ്റും തെളിഞ്ഞ അന്തരീക്ഷവും എന്നെ അവിടെ കൈ പിടിച്ചിരുത്തിയതായി തോന്നി. വനം വകുപ്പുദ്യോഗസ്ഥൻ സുരേഷ് സാറും മറ്റുള്ളവരും ഞങ്ങൾക്ക് ഒരുപാട് വിവരങ്ങൾ പകർന്നുതന്നു. രാജൻചേട്ടൻ ആയിരുന്നു ഞങ്ങൾക്ക് അവിടെ അത്ഭുതം പകർന്നു തന്നത് ബുക്കുകളിലോ മറ്റോ പകർത്താതെതന്നെ ഓരോ സസ്യത്തെയും നിത്യേന നാം കാണുന്ന പച്ചനിറങ്ങളെയും അതിന്റെ സവിശേഷതകളെയും പറ്റി രാജേട്ടൻ വാചാലനാകുമ്പോൾ ഒരുനിമിഷം ഞാനറിയാതെ അയാളുടെ

ഓർമശക്തിയെക്കുറിച്ചാലോചിച്ചു.

ചേര്
,ഇരുൾ,കരിക്കൊടി,സർപ്പഗന്ധി,കാഞ്ഞിരം,കുറിഞ്ഞി,വംശനാശഭീഷണി നേരിടുന്ന
മുള,വൺതേക്ക്,കുമിഴ്,ചെരിയില,വിഷനാരായണി,പാണൽ,നീറ്റം,പാല,മരവാഴ തുടങ്ങി പലസസ്യങ്ങളും ഞങ്ങളെ ഔഷധ ലോകത്തേക്ക് ആനയിച്ചു. ഇംഗ്ലീഷ് ഗുളികകളും മരുന്നുകളുംവരുത്തിവെക്കുന്ന ദോഷത്തെ കുറിച്ചാലോചിക്കാൻ ആ ഔഷധലോകം ഏറെമതിയായിരുന്നു.ഒരു ഡോക്ടറെ അല്ലെങ്കിൽ മാഷെ അല്ലെങ്കിൽ ചേട്ടാ എന്താണ് രാജൻചേട്ടനെ വിളിക്കേണ്ടതെന്ന് അറിയാതെ നിൽക്കുമ്പോൾ പൂമ്പാറ്റകൾ പുതിയവരായി എത്തി എന്നാൽ സസ്യലോകത്തെ കുറിച്ച് വാചാലനായിരുന്ന രാജൻ ചേട്ടൻ അറ്റ്ലസ്മോത്ത്

എന്ന നിശാശലഭത്തെക്കുറിച്ചും വിലാസിനി കൃഷ്ണശലഭം തുടങ്ങിയ ശലഭങ്ങളെ കുറിച്ചും പറഞ്ഞപ്പോൾ ഔഷധ ലോകമായ ജാനകിക്കാടിൽ നിന്ന് മറ്റൊരാളും ഞങ്ങളെ നോക്കുന്നുണ്ടയിരുന്നു-

.വയനാട്ടിലെ നരിക്കോട്ട് മലയിൽ നിന്ന് തുടങ്ങി ജാനകിക്കാട്ടിലൂടെ ഒഴുകുന്ന മഞ്ഞപ്പുഴ\കുറ്റ്യാടിപ്പുഴ. ഞങ്ങളുടെ മുന്നിലൂടെ ഒഴുകുന്ന ആ പുഴയുടെ താളത്തിനൊത്ത് ഒന്ന് നിന്ന് പോയി.ഒരിക്കലും തീരാത്ത ഈ നീരുറവയുടെ ഉറവിടം പശ്ചിമഘട്ടം ആണെന്ന്ഇപ്പോഴാണ് അറിയുന്നത്. ഞങ്ങളോടൊപ്പം പയ്യാനക്കൽ സ്കൂളിലെ കൊച്ചു കൂട്ടുകാരുമുണ്ടായിരുന്നു.

**ജാനകിക്കാടിന്റെ പേരിനുള്ളിലെ രഹസ്യം എന്താണെന്ന സംശയത്തിന് രാജൻചേട്ടനാണ് മറുപടി പറഞ്ഞത് ഈ സ്ഥലം ജാനകിയമ്മ എന്നവരുടെ ഉടമസ്ഥതയിലായിരുന്നു.കേസ് മുഖേനെ സർക്കാർ ഈ ഭൂമി ഏറ്റെടുത്തു.പക്ഷേ , വെച്ചു പിടിപ്പിക്കാതെ ഇത്രയും ഔഷധ സസ്യങ്ങൾ എങ്ങനെ ഇവിടെ വന്നു എന്നൊരു കാര്യം ഓർത്തപ്പോൾ പ്രകൃതി മുഴുവനും ഔഷധ ലോകമാണെന്നുള്ള സത്യം ഞങ്ങൾക്ക് മുന്നിൽ തെളിഞ്ഞു.**

പിന്നീട് ഇളം തണുപ്പുള്ള മഞ്ഞപ്പുഴയിൽ ഞങ്ങൾ അൽപ്പ സമയം ചെലവഴിച്ചു. അതിന് ശേഷം ഉച്ചഭക്ഷണം കഴിച്ചു. ഇതിന് ശേഷം ഇ.രാജൻ സർ ഞങ്ങൾക്ക് ക്ലാസ്സ്തന്നു. പലതരം ബാക്ടീരിയകളുടെയും ചെടികളുടെയും പേരുകൾ ഞങ്ങൾക്ക് അറിയിച്ചു തന്നു.വിനോദം മാത്രമല്ല മറിച്ച് നാം ജീവിക്കുന്ന ചുറ്റുപാട് എന്താണെന്നും ഈ ക്ലാസ്സുകൾ

വ്യക്തമാക്കി.അവസാനം ബസ്സ് കയറുമ്പോൾ ഇനിയും ഞങ്ങൾ വരുമെന്ന് ഞങ്ങളിൽഓരോരുത്തരും സ്വമേതയാ മന്ത്രിക്കുന്നുണ്ടായിരുന്നു.



# കണ്ണീരടങ്ങാതെ

മിൻഹ ശരീഫ്

കണ്ണീരടങ്ങാത്ത കിളിമകളോടു ഞാൻ-
ചോദിച്ചു കണ്ണീരിൻ കാരണങ്ങൾ ...
പൊട്ടിയൊലിക്കുന്ന ചോരപോലുള്ള
കണ്ണീർ തുടച്ചവൻ അരുളിടുന്നു ...
ജനിച്ചതും വളർന്നതും ഇവിടാണു ഞാൻ-
ഈ കാവിലെ തെങ്ങിൻ പൊത്തിനുള്ളിൽ...
ശുദ്ധ ജലത്തിനും വായുവിലും-
പിന്നെ കൂട്ടുകാരുടെ ഇടയിലും ഞാൻ ...
കാടിന്റെ മാറിലായ് കണ്ണടച്ചു ...
സമീപകാലത്തെ; മനുഷ്യ പ്രവർത്തിതൻ-
ഫലമായി കാടൊരു മരുഭൂമിപോൽ...
കുശലൻ കുറുക്കനും സിംഹരാജാവും-
മനുഷ്യന്റെ തന്ത്രത്തിൻ വീണുപോയി ...
കടുവ പുലിയെന്ന ഭീകരൻമാരെ സൂചി-
കൊണ്ട് കുത്തി ബോധ രഹിതരാക്കി ...
എൻ കൂട്ടുകാരെയും മരം കത്തിക്കും-
വിധം കത്തിച്ചു ചാരമായ് മാറ്റിടുന്നു ...
കിളിമകൾ ഓർമ്മ പറഞ്ഞു നിർത്തീടവെ-
എൻ ചുടുകണ്ണു നീർ വീണുപോയി ...





# ഹിമകണം

അതുൽ എസ് ആർ

ഹിമകണമണികളണഞ്ഞുചിരിക്കും
ചെടിയതണിഞ്ഞൊരു ചൊടിയില തന്നിലെ
അടരാൻവെമ്പിവിതുമ്പിയിരിക്കും
ഇലയുടെ ചുണ്ടിലെ മണിമുത്തുകളെ
ഒരു ചെറുകുളിർക്കാറ്റെത്തി അടർത്തിയ
മുത്തുകൾമണ്ണിൽ വീണു തകർന്നവ
ചിതറിയ നേരം മണ്ണിനിളം ചിരി.

# കാലാവസ്ഥ

ജിതുനാഥ്

മധ്യ വേനൽ മണ്ണുണക്കാൻ
സനസ്സലിവില്ലാതെ വന്നു.
വെയിലാതണവിനെ പ്രാകി
കണ്ണേറു വീഴ്ത്തി ഉണക്കി
മനമുരുകി വറ്റുന്നമക്കൾ
മുകിലിനെ ആർദ്രമായ് നോക്കി
മണ്ണിന്റെ മക്കളെ നോക്കി
മുകിലിന്റെ മിഴികൾ തുളുമ്പി
മുത്തു മണികൾ കൊഴിച്ചു
മണ്ണിൻമരുത്വം മുറിഞ്ഞു
മണ്ണിനെ പച്ച പുതച്ചു
മക്കൾതൻ മനസ്സ് കുളിർത്തു
ആനന്ദാശ്രുക്കൾ കൊഴിച്ചു മഞ്ഞ്
ആനന്ദത്തോടെ ചിരിച്ചുമക്കൾ

# ആണവോർജം ഭക്ഷ്യസംസ്കരണത്തിന്

അതുൽ കൃഷ്ണ

ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് വിവിധതരം രാസപദാർത്ഥങ്ങളാണ്പൊതുവേ ഉപയോഗിക്കാറുള്ളത്. ഈ രാസപദാർത്ഥങ്ങളെ പ്രിസർവേറ്റീവുകൾ എന്നുവിളിക്കുന്നു. എന്നാൽ റേഡിയോ ആക്റ്റീവതയും ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിന് ഉപയോഗപ്പെടുത്താമെന്ന കണ്ടത്തിയിട്ടുണ്ട്. കോബ്ൾട്ട് -60 എന്ന റേഡിയോ ആക്റ്റീവതയുള്ള മൂലകത്തിൽ നിന്നുള്ള ഗാമാകിരണങ്ങളാണ് ഇതിന് ഉപയോഗിക്കുന്നത്.

വികിരണം ഏല്പിക്കുന്നതുമൂലം ഭക്ഷ്യവസ്തുക്കളിൽ ദോഷകരമായ എന്തങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നുണ്ടോ, സൂക്ഷമജീവികൾ പൂർണമായും നശിക്കുന്നുണ്ടോ, ഉത്പന്നത്തിന് റേഡിയോ ആക്റ്റീവത ഉണ്ടാകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിച്ച് മൃഗങ്ങൾക്കും മനുഷ്യർക്കും ഇത്തരം ആഹാരം കൊടുത്ത് ദീർഘകാലം പഠിച്ചശേഷമാണ് ഈ പ്രക്രിയ വ്യാവസായികാടിസ്ഥാനത്തിൽ നിർദേശിക്കപ്പെട്ടിട്ടുള്ളത്.

സവാള, ചെറിയ ഉള്ളി, ഉരുളക്കിഴങ്ങ് മുതലായവ മുളയ്ക്കാതിരിക്കാനും ദീർഘകാലം കേടുകൂടാതിരിക്കാനും വികിരണം ഏല്പിക്കുന്നത് സഹായിക്കുമെന്ന് ഭാഭാ ആറ്റോമികഗവേഷണകേന്ദ്രം (ബി. എ. ആർ. സി. ) നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. ഭക്ഷ്യോത്പന്നങ്ങൾ വികിരണംചെയ്ത് വിപണിയിലെത്തിക്കുന്ന കേന്ദ്രങ്ങൾ ബി. എ. ആർ. സിയുടെ കീഴിൽ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. മാങ്ങ, അരി, റവ, ആട്ട, മൈദ, ഉണക്കമുന്തിരി, ഫിഗ് പഴങ്ങൾ, ഈത്തപ്പഴം മുതലായവ കീടമുക്തമാക്കുന്നതിനും വികിരണങ്ങൾ ഉപയോഗിക്കുന്നു. ഈ ഉത്പന്നങ്ങൾ വായുനിബദ്ധമായി പായ്ക്ക് ചെയ്യതിനു ശേഷം വികിരണം ഏൽപിക്കുന്നതിനാൽ ഉപഭോക്താവിന്റെ കൈകളിലത്തുന്ന തുവരെ കീടബാധ ഉണ്ടാകില്ലെന്ന്ഉറപ്പിക്കാം. മൽസ്യ മാംസങ്ങൾ സൂക്ഷിക്കുന്നതിനും ഈ മാർഗം ഫലപ്രദമാണ്.






# ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം

ഇന്ന് നമ്മുടെ ദൈനംദിന ജീവത്തിലെ എല്ലാ വിധ പ്രവർത്തനങ്ങൾക്കും വിളക്ക് തെളിയിക്കുന്നതിന് ഫാൻ, മിക്സി, ഫ്രിഡ്ജ് ,ടിവി തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നതിന് ,വാഹനങ്ങൾ എന്നിങ്ങനെ എന്തിനും പലവിധത്തിലുള്ള ഊർജ്ജ രൂപങ്ങൾ കൂടിയേ തീരൂ.നിലവിലുള്ള എല്ലാ സുഖ സൗകര്യങ്ങളും തുടർന്നും അനുഭവിക്കണമെങ്കിൽ ആവശ്യമായഊർജ്ജം സംരക്ഷിച്ചേ കഴിയൂ. ഊർജ്ജ സംരക്ഷണം എന്നതു കൊണ്ട് എന്നത് ഉദ്ദേശിക്കുന്നത് നമ്മുടെ ആവശ്യങ്ങളും ,സൗകര്യങ്ങളും ഉപേക്ഷിച്ച് ദശലക്ഷം യൂണിറ്റ് ആണ് .

വേനൽക്കാലത്തും ഉൽസവ ദിവസങ്ങളിലും പ്രധാന ദിവസങ്ങളിലും ഇത് കൂടുന്നു. എന്നാൽ കേരളത്തിൽ ശരാശരി ഉത്പാതിപ്പിക്കുന്നത് മേൽ പറഞ്ഞതിന്റെ 30%-ൽ താഴെ മാത്രമാണ് .ബാക്കി ആവശ്യമായി വരുന്ന വൈദ്യുതി കൂടുതൽ തുക കൊടുത്ത് കേന്ദ്ര ഗ്രിഡിൽ നിന്നും ലഭിക്കുന്ന വൈദ്യുതി കുറവ് വരികയോ മറ്റെന്തെങ്കിലും കാരണത്താൽ കിട്ടാതാവുകയോ ചെയ്താൽ ഇവിടെ ലോഡ് ഷെഡ്ഡിംഗ് ചെയ്യേണ്ടി വരുന്നു. ഇതിനെല്ലാം ഉപരി ഇന്ത്യയിൽ നമുക്കാവശ്യമായ വൈദ്യുതിയുടെ നല്ലൊരു പങ്കും ഏകദേശം 10% ത്തോളം താപ വൈദ്യുതിനിലയങ്ങൾ വഴിയാണ് ഉത്പാതിപ്പിക്കുന്നത്.

പ്രധാനമായും കൽക്കരി നിലയങ്ങൾ ഇവ പുറന്തള്ളുന്ന പ്രകൃതിക്ക് ഹാനികരമായ വാതകങ്ങൾ മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ വേറെയും . ഈ സാഹചര്യങ്ങൾകൊണ്ട് തന്നെ നമുക്ക് ലഭ്യമായ വിലപ്പെട്ട ഊർജ്ജ രൂപങ്ങളെ പരമാവധി സൂക്ഷിച്ചും സംരക്ഷിച്ചും നാം ഉപയോഗിക്കണം

# لكل مخلوقات دموع

بقلم :بشير أستيت مك

أكتب هذا الكتاب في وقت مؤلم الذي لا يزيل منا مخافة الفيضانات والزلز ال ولا للحيوانات وسائر المحلوقات مشاركة في حماية الكون كالانسان .كل مخلوقات من خالق الكون.أمامنا كثير من آثار الفيضانات التي مملوؤة في قلوبنا نستعد ونستطيع بها أن نكون ونهدي عيشتنا عيشة فاضلة طول حياتنا. كيف ننسي صور الفيضانات المؤلمة,قد حملنا الانسان والحيوانات في مركب واحد ,وتناولوا في أناء واحد, وناموا فيفراش واحد ,نكون واحدا في جميع حركاتنا وسكناتنا,ومع أن ديننا وثقافتنا مختلفة ومتنوعة..هذه الحوادث تشير الينا اشارة عظيمة فتقول لنا"لا تفخرليس الكون للانسان فقط.ولكنها لجميع المخلوقات.قد فقدت الفرصة لاستعمال الثروات لجميع الكائنات بما كسبت أيدي الناس.

اخوتي الكرام واجب علينا أن نبحث في هذا الامر وبتقديم الاعمال وليس بتقديم الكلام.لكل أديان منهج خاصة في المعاملات والاقتراب بسائر المخلوقات.واجب علي الانسان ان يعيش عيشة فاضلة مع ارتفاع العدل والاحسان.ومع ذلك أن تكون التجاربة الي الطبيعة والبيعة بارتفاعهما.فاذا وقعت التقصيرفيها قد تعيب وتعابث جميع الاعمال .أذكر هنا دراسمة من تعليم النبي (ص) ذات يوم دخل النبي في مزرعة من مزارغ المدينة فرأى جملا يبكي من شدة الجوع والعطش والالم فالطف النبي (ص) اليه ومسح علي رأسه ,ثم قال لصاحبه ألا نتق الله في أمر هذالحيوان.ارحم اليه. كان من عادةالنبي(ص) يقول لاصحابه :اتق الله في الحيوانات اركبوا عليهاجيدا وأطعموا طعاما جيدا



There was an Old Man with a beard,
Who said, "It is just as I feared!—
Two Owls and a Hen, four Larks and a Wren,
Have all built their nests in my beard."

# പാഠമായ

# പാഠങ്ങൾ

**റിയ ഫാത്തിമ**



ഒന്നാംപാഠം നെൽപാടം
നെൽപാടമെല്ലാം നികന്നു സാറേ
രണ്ടാം പാഠം കുന്നുകളാ.
കുന്നുകളെല്ലാം നിരന്നു സാറേ
മൂന്നാം പാഠം പുഴയാണേ
പുഴയെല്ലാം വറ്റി വരണ്ടു സാറേ
എങ്കിലീപാഠങ്ങൾവിട്ടേയ്ക്ക്
ഈ പാഠമെല്ലാം  പാഠമായ്

# തളിരുപടരുന്ന വേഗത്തിൽ

പ്രജീഷ് മലയിൽ[5]

എത്രകാലമായ് പടവുകേറന്നു നാം
പുതിയലോകത്തിലെത്തി
തിമിർക്കുവാൻ
എത്തിയെത്തി പടവുതീരുമ്പോഴും
പുതിയതൊന്നുണ്ട്
മുന്നിൽ പുതുമയിൽ
വരിക
എന്നോടൊപ്പമെത്തിപ്പിടിക്കുവാൻ
മുന്നിൽ കടമ്പയായ്
അരികിലായ് വേലി
കെട്ടിയൊരോരത്തെ
തളിരുപടരുന്ന വേഗത്തിൽ
അരികിലെത്തിക്കാം
അറിവിനെ
കനലിലൂതി പഴുപ്പിച്ച
മഴുവല്ല കനലിലൂതാൻ
പഠിപ്പിച്ച മനമതിന്നരികിലെ
ചെറിയനോവെങ്കിലുമറിഞ്ഞു
പഠിച്ചിടാം
പുതിയ നാളേയ്ക്ക്
പഴമ മാറാത്ത
പൂക്കളോടൊപ്പം...

5 ഓഫീസ്അസിസ്റ്റന്റ്

# കുറുക്കനും മുന്തിരിപ്പഴവും

**ഷാമിൽ**

ഒരിടത്തൊരു കാട്ടിൽ ഒരു കുറുക്കൻ താമസിച്ചിരുന്നു ഒരു ദിവസം അവൻ തീറ്റതേടി കാട്ടിലും നാട്ടിലും നടന്നു ഒരിടത്തു നിന്നും ഒന്നും കിട്ടിയില്ല. അതോർത്ത് കുറുക്കൻ തേങ്ങിക്കരഞ്ഞു.

കുറേ നേതരം നടന്ന് തളർന്ന അവന് വിശപ്പാൽ വയറുകത്തുന്നതുപോലെ തോന്നി. അങ്ങനെ വിശന്നു വലഞ്ഞു നടക്കുന്ന അവൻ ഒരു നല്ല കാഴ്ചകണ്ടു. അതു കണ്ട അവൻ പെട്ടന്ന് നിന്നു. ഞാൻ സ്വപ്നം കാണുകയാണോ എന്നവനൊ-രു സംശയമായി അവൻ കണ്ണടച്ച് തലക്കുലുക്കി ഒന്നുക്കൂടെ നേക്കി. നന്നായി കണ്ടു മുന്നികാണുന്നത് സത്യമാണ്. ഹായ് അവന് സന്തോഷം കൊണ്ട് ഒന്ന് ചാടിക്കച്ചു. എന്താണവൻ കണ്ടതെന്നോ ഒരു കുല മുന്തിരിപ്പഴം ഒന്നാകെ മുന്തിരി തോട്ടങ്ങളും.

ഉയരത്തിലുള്ള പന്തലിൽ പടർന്നു കിടക്കുന്ന മുന്തിരി വള്ളികൾ. നിറയെ മുന്തിരിക്കുലകളും കുലകൾ നിറയെ മുന്തിരി കായകൾ. ശരിക്കും മധുരമുള്ള മുത്തുകൾ. കുറുക്കന്റെ വായയിൽ വെള്ളമൂറി. അവൻ മുന്തിരി കുലക്കൾക്കായി മുകളിലേക്കു ചാടി. ചാടി യിട്ട് കിട്ടിയില്ല വീണ്ടും ചാടി. ചാടി ചാടി കുറുക്കന്റെ കാലുകൾ കുഴഞ്ഞു. അവൻ അവശനായി എന്നിട്ടും അവൻ ചാടി നോക്കി. ഇല്ല എത്ര ചാടിയാലും മുന്തിരിക്കുല അവന് പിടിക്കാൻ സാധിച്ചില്ല. അപ്പോൾ അതുവഴി വന്ന അവന്റെ സുഹൃത്ത് കരടിക്കുട്ടൻ അവ-നോട് ചോദിച്ച"നീ ഇവിടെ എന്താണ് ചെയ്യുന്നത്." വിഷമത്തോ ടെ അവൻ പറഞ്ഞു: "എനിക്ക് വിശക്കുന്നു, ഈ മുന്തിരിക്കുലകൾ എനിക്ക് തിന്നാൻ വേണമായിരുന്നു. "കരടി അവനെ കളിയാക്കി കൊണ്ടവനോടു ചോദിച്ചു. "നിന്റെ മനസിലതുനിനക്ക് കിട്ടും എന്നാണോ, കിട്ടില്ലെന്നാണോ തോന്നുന്നത്." പെട്ടന്ന് അവൻ പറഞ്ഞു "ഇതെനിക്ക് കിട്ടില്ലന്ന് എനിക്ക് ഉറപ്പാണ്. വിശപ്പു കൊണ്ട് ഞാൻ ചാടിനോക്കിയതാണ്." "എടാ ! പൊട്ടാ ആ മുന്തിരി നിനക്ക് കിട്ടിയിട്ട് നീയത് ഭംഗിയായി തിന്നുന്നത് മനസ്സിൽ വിചാരിച്ച് ചാടി നോക്ക്. അപ്പോൾ നിനക്കതു കിട്ടും." എന്ന് കരടി പറഞ്ഞപ്പോൾ അവൻ വിശ്വാസത്തോടെ ചാടി. ആദ്യ ചാട്ടത്തിൽ തന്നെ അവൻ ആ മുന്തിരിക്കുലകൾ പറച്ചു. പരിശ്രമിച്ച് കിട്ടിയ ആ

മുന്തിരിക്കുലകൾ അവർ രണ്ടു പേരും സ്വാദോടെ കഴിച്ചു. അവന്നു മുതൽ കുറുക്കനു മനസ്സിലായി, എന്തിലും വിജയിക്കുമെന്ന് വിചാരിച്ച് പരിശ്രമിച്ചാൽ എന്തും നമുക്ക് സാധ്യമാവുമെന്ന്. ഈ അറിവ് അവന് പകർന്ന് കൊടുത്തത് അവന്റെ കൂട്ടുകാരനാണ്. പിന്നീടുള്ള അവന്റെ ജീവിതത്തിൽ അവൻ എല്ലാത്തിലും വിജയിച്ചു.



# മണ്ണിലെ പ്രധാനപ്പെട്ട

# സൂക്ഷ്മ ജീവികൾ

**നാജിയ നസ്രിൻ**

1) ബാക്ടീരിയ :ഇവ പല രൂപത്തിലുണ്ട്.ദണ്ഡ്,ഗോളം,കോമ,സ്പ്രിംഗ് തുടങ്ങിയ ആകൃതികളാണ് കൂടുതലും.ഇതിനനുസരിച്ചാണ് ഇവയുടെ പേരും.ചിലവ രോഗകാരികളാണങ്കിൽ മറ്റുള്ളവ ഉപകാരികളാണ്.നമ്മളുടേയും മൃഗങ്ങളുടേയും അന്നനാളത്തിലും ഉപകാരികളായ ചില ഇനങ്ങൾ ജീവിക്കുന്നു.
2) കുമിളുകൾ :പ്രകാശ സംശ്ലേഷണ സംവിധാനമില്ലാത്ത വിഭാഗമാണിവ.അതിനാൽ തന്നെ ജൈവ വസ്തുക്കളുടെ വികടനത്തിലൂടയാണ് ഊർജം ഉൽപാദിപ്പിക്കുന്നത്.ഇവയുടെ ഇടയിൽ ഉപകാരികളും രോഗകാരികളും ഉണ്ട്.
3) ആക്റ്റിനോമൈറ്റസ്
4) പ്രോട്ടോസോവ
5) പായലുകൾ



# MIRROR , MIRROR

–Madhuri sawant.

Mirror,Mirror
Don't display my eyes.
Don't display my hair,
Don't display my teeth
Mirror,Mirror
Display my courage
Display my knowledge
Display my voyage
Display my message
Display my passage
To go in the right direction as you show.

# LETTER TO GOD

**-CRISTINA ROSSETTI**

White sheep , White sheep.
On a blue hill,
When the wind stops,
You all stand still.
When the wind blows,
You walk away slow.

# GIRL

**- Rifana Parvin -**

***The girl***
***Girl is beautiful***
***The symbol of sorrow and sacrifice***
***Girl is beautiful***
***Girl's life is simple***
***Girl is so lovely***
***Girl is so pretty***
***Her heart is soft***
***Girl is the shining star...***
***Heavenly beauty of girl***
***Girl is the shining star***
***Girl is beautiful***

# പൊതുവിജ്ഞാനം

[6]

1. ഏഷ്യയെയും യൂറോപ്പിനെയും വേർതിരിക്കുന്ന കടലിടുക്ക് ഏതാണ് ? ബോസ്ഫോറസ്
2. മാച്ചുപിച്ചു എന്ന ലോകാദ്ഭുതം സ്ഥിതി ചെയ്യുന്നത് ഏതു രാജ്യത്താണ് ? പെറു
3. പ്രഥമ യൂത്ത് ഒളിമ്പിക്സിന് ആതിഥ്യം വഹിച്ച രാജ്യം ഏതാണ് ?സിംഗപ്പൂർ
4. പ്രസിദ്ധമായ ഉത്കൽ സർവകലാശാല ഏതു സംസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത് ? ഒഡിഷ
5. ഗ്രാമി പുരസ്കാരം നേടിയ ആദ്യ ഇന്ത്യക്കാരൻ ആരാണ് ?സക്കീർ ഹുസൈൻ
6. നാസ് എയർവേസ് ഏതു രാജ്യത്തെ വിമാനക്കമ്പനിയാണ് ?സൗദി അറേബ്യ
7. ***ട്രോഫോളജി എന്തിനെ കുറിച്ചുള്ള പഠനശാഖയാണ് ? പോഷകാഹാരങ്ങളെക്കുറിച്ചുള്ള പഠനം***
8. ചൈനീസ് ബോക്സിങ് എന്നറിയപ്പെടുന്ന ആയോധനകല ഏതാണ് ? കുങ്ഫു
9. ഭാരത സർക്കാർ നൽകുന്ന ഏറ്റവും ഉയർന്ന സമ്മാനത്തുകയുള്ള പുരസ്കാരം ഏതാണ് ?ഗാന്ധി സമാധാന പുരസ്കാരം
10. ആദ്യത്തെ ലോക ചെസ് ചാമ്പ്യൻ എന്നറിയപ്പെടുന്നത് ആരാണ് ? വിൽഹെം സ്റ്റെനിസ്

6 സയൻസ് ക്ലബ്ബ് ലോഗോ

11. ജൈവമരുഭൂമി എന്നറിയപ്പെടുന്ന കടൽ ഏതാണ് ?സർഗാസോ കടൽ
12. പേഴ്സണൽ കമ്പ്യൂട്ടറിന്റെ പിതാവ് ആരാണ് ?ഹെൻട്രി റോബർട്ട്
13. തമിഴ്നാട് ഡി.ജി.പിയായ ആദ്യ വനിത മലയാളി ആരാണ് ?ലതികാശരൺ
14. കേരളത്തിലെ ആദ്യ കരകൗശല ഗ്രാമം ഏതാണ് ?ഇരിങ്ങൽ (കോഴിക്കോട്)
15. ദേശീയ വനിതാകമ്മീഷന്റെ ആദ്യ അധ്യക്ഷ ആരാണ് ?ജയന്തി പട്നായിക്
16. കാറ്റിന്റെ നഗരം എന്നറിയപ്പെടുന്ന നഗരം ഏതാണ്?ചിക്കാഗോ
17. ഏതുസംസ്ഥാനത്തുകൂടിയാണ് നേത്രാവതി നദി ഒഴുകുന്നത് ?കർണ്ണാടക
18. മനുഷ്യ നിർമ്മിതമായ ആദ്യ മൂലകം ഏതാണ് ?ടെക്നീഷ്യം
19. അന്തരീക്ഷ മർദ്ദം അളക്കുന്നതിനുള്ള യൂണിറ്റ് ഏതാണ് ?ഹെക്ടോ പാസ്കൽ
20. മൂർത്തീദേവി പുരസ്കാരം നേടുന്ന ആദ്യ മലയാളി ആരാണ് ? അക്കിത്തം



# സിംഹവും മാനും

നിദ

ഒരു കാട്ടിൽ  ഒരു സിംഹവും മാനും താമസിച്ചിരുന്നു.

അവർ ചെറുപ്പത്തിലേ ഉറ്റ ചങ്ങാതിമാരാണ്.അതുകൊണ്ടുതന്നെ മറ്റു മൃഗങ്ങൾക്കെല്ലാം അവരോട് തെല്ല് അസൂയ ഇല്ലാതെയുമല്ല.

കാട്ടിലെ ഒരു പാറക്കെട്ടിന്റെ വലിയ ഗുഹയിൽ സിംഹവും മാനും ഒത്തൊരുമയോടെ കഴിഞ്ഞുവന്ന കാലം.

അങ്ങനെയിരിക്കെ ഒരു ചെറിയ പ്രശ്നത്തിന്റെ പേരിൽ രണ്ടുപേരും തർക്കത്തിലായി.തണുപ്പുകാലത്തെ കുറിച്ചായിരുന്നു തർക്കം.രണ്ടുപേർക്കും അവരുടേതായ ന്യായങ്ങൾ അവതരിപ്പിക്കാനുള്ളതുകൊണ്ട് ആ തർക്കം ഒത്തുതീർപ്പാകാതെ നീണ്ടുപോയി.

മാൻപറഞ്ഞു:

"തണുപ്പുകാലമുണ്ടാകുന്നത് പൂർണ്ണചന്ദ്രനിൽ മാറി മറ്റൊരു പുത്തൻ ചന്ദ്രൻ ഉണ്ടാവുമ്പോഴാണ്."

അപ്പോൾ സിംഹം ഒച്ചവെച്ചു: "ആരു പറഞ്ഞു നിന്നോട് ഈ കളവ്.ഒരിക്കലും അങ്ങനയല്ല തണുപ്പുണ്ടാകുന്നത്,പുത്തൻ ചന്ദ്രനിൽ നിന്ന് മാറി മറ്റൊരു ചന്ദ്രനൻ ഉണ്ടാകുമ്പോഴാണ്."

ഒരു രാത്രി മുഴുവനും രണ്ടുപേരും അതിന്റെ പേരിൽ തർക്കിച്ചു.പിറ്റേന്ന് നേരം പുലർന്നപ്പോൾ അവർ ഒരു തീരിമാനമെടുത്തു.കാട്ടിലെ ബുദ്ധിരാക്ഷസനായ കുരങ്ങനെ ചെന്നു കാണുക.കുരങ്ങൻ എന്താണോ പറയുന്നത് അത് ശരിയാണെന്ന് അംഗീകരിക്കുക.അങ്ങനെ സിംഹവും മാനും തമ്മിലുള്ള ചർക്കത്തിന് താത്കാലിക വിരാമമായി.  പക്ഷേ കാട്ടിലെ മറ്റു മൃഗങ്ങൾക്ക് അതത്ര രസിച്ചില്ല.സിംഹവും മാനും തെറ്റണമെന്ന് ആഗ്രഹിച്ചിരിക്കുകയായിരുന്നല്ലോ അവർ.  കാട്ടിലെ ഒരു ആൽമരത്തിന്റെ

ചുവട്ടിൽ ധ്യാനത്തിലിരിക്കുകയായിരുന്ന കുരങ്ങച്ചൻ.സിംഹവും മാനും നേരെ ചെന്ന് കുരങ്ങനെ ഒന്നു വണങ്ങി.അൽപനേരം കഴിഞ്ഞതിനു ശേഷം കുരങ്ങച്ചൻ കണ്ണു തുറന്ന് ഇരുവരേയും നോക്കി.അവരെല്ലാം വിസ്തരിച്ചു പറഞ്ഞു.

കുരങ്ങച്ചൻ സിംഹത്തിന്റേയും മാനിന്റേയും വാദം കേട്ടതിനു ശേഷം പറഞ്ഞു:

രണ്ടുപേരും പറഞ്ഞതിൽ സത്യത്തിന്റെ അംശമുണ്ട്.എങ്കിലും അതിലൊന്നുമല്ല കാര്യം.പഴയ സൗഹൃദവും സ്നേഹവും നിലനിർത്തുന്നതിലാണ് പുണ്യം.എല്ലാ കാലവും അവരുടെ സൗഹൃദം നിലനിർത്തണമെന്ന് പറഞ്ഞ് അവരെ തിരിച്ചയച്ചു.പിന്നൊടൊരിക്കലും അവർ രണ്ടു പേരും തർക്കിച്ചിട്ടില്ല.സ്നേഹത്തോടെ ജീവിച്ചു.



# മലമ്പുഴ ഡാമിലേക്ക് ഒരു ഉല്ലാസയാത്ര[7]




**Devanandh.**

